# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഒക്ടോബർ 28, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2019 ഒക്ടോബർ 28-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

### I. **ചരമോപചാരം**

ഷീലാ ദീക്ഷിത്, ദാമോദരൻ കാളാശ്ശേരി എന്നിവരുടെ നിര്യാണം

മുൻ കേരള ഗവർണ്ണറും ഡൽഹി മുൻ മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയുമായിരുന്ന ഷീലാ ദീക്ഷിത്, മുൻ മന്ത്രി, നിയമസഭാംഗം, കെ.പി.സി.സി. ജനറൽ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ച ദാമോദരൻ കാളാശ്ശേരി എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട

സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ

കോന്നി, മഞ്ചേശ്വരം, വട്ടിയൂർക്കാവ്, അരൂർ, എറണാകുളം എന്നീ നിയോജകമണ്ഡലങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. യു. ജനീഷ് കുമാർ, ശ്രീ. എം. സി. ഖമറുദ്ദീൻ, ശ്രീ. വി. കെ. പ്രശാന്ത്, ശ്രീമതി ഷാനിമോൾ ഉസ്മാൻ, ശ്രീ. ടി. ജെ. വിനോദ് എന്നിവർ പതിനാലാം കേരള നിയമസഭയിലെ അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.

## III ചെയർമാന്മാരുടെ പാനൽ

സർവ്വശ്രീ പുരുഷൻ കടലുണ്ടി, വി. പി. സജീന്ദ്രൻ, ശ്രീമതി ഇ. എസ്. ബിജിമോൾ എന്നിവരെ പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## IV അടിയന്തരപ്രമേയം

<u>വാളയാർ പീഡനക്കേസ്</u>

<u>മി. സ്പീക്കർ</u>: വാളയാറിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് ദുരൂഹ

സാഹചര്യത്തിൽ മരണമടഞ്ഞ കേസിലെ പ്രതികളെ കോടതി വെറുതെ വിടാനുണ്ടായ സാഹചര്യത്തിലേയ്ക്ക് നയിച്ച അന്വേഷണത്തിലെ വീഴ്ചമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാലക്കാട് വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശെൽവപുരം അട്ടപ്പള്ളം പ്രദേശത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 13-ഉം 9-ഉം വയസ്സുള്ള പെൺകുട്ടികളുടെ അസ്വാഭാവിക മരണം പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പ്രത്യേക സംഘം രൂപീകരിച്ച് അന്വേഷണം നടത്തുകയും പെൺകുട്ടികൾ മരണപ്പെടുന്നതിനുമുമ്പ് ലൈംഗികപീഡനത്തിന് ഇരയായിരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നടപടിക്രമം, പട്ടികജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമം, പോക്സോ ആക്ട് എന്നിവയിലെ വകുപ്പുകൾപ്രകാരം കേസെടുക്കുകയും പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. പ്രതികളെ പാലക്കാട് ഫസ്റ്റ് ക്ലാസ് അഡീഷണൽ സെഷൻസ് കോടതി വെറുതെ വിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കേസ് സംബന്ധിച്ച് അപ്പീൽ നൽകുകയും പ്രഗത്ഭനായ

അഡ്വക്കേറ്റിന്റെ സഹായത്തോടെ മേൽക്കോടതിയിൽ കേസ് വാദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. പ്രായപൂർത്തിയാകാത്ത പ്രതിക്കെതിരെ ജുവനൈൽ ജസ്റ്റിസ് കോടതിയിലെ കേസ്സിലും ഇതേ നിലപാട് സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. കേസന്വേഷണത്തിൽ വീഴ്ച വരുത്തിയ വാളയാർ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പോലീസ് ഇൻസ്പെക്ടർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 13-ഉം 9-ഉം വയസ്സുള്ള പെൺകുട്ടികളെ ക്രൂരമായി കൊലപ്പെടുത്തിയ പ്രതികളെ കോടതി വെറുതെ വിട്ട നടപടി അത്യന്തം ഗൗരവതരമാണ്. മൂത്ത കുട്ടിയെ മരിച്ച നിലയിൽ കണ്ടെത്തിയ ദിവസം കുട്ടിയെ ഒരാൾ ഉപദ്രവിക്കുന്നത് നേരിട്ട് കണ്ടെന്ന് അമ്മ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പോലീസ് അയാളെ കസ്റ്റഡിയിലെടുത്തെങ്കിലും പ്രാദേശിക രാഷ്ട്രീയനേതാക്കളുടെ ഇടപെടലിലൂടെ പ്രതിയെ വെറുതെ വിടുകയാണ് ചെയ്തത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പെൺകുട്ടികളെ പ്രകൃതിവിരുദ്ധ പീഡനത്തിന് ഇരയാക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കിയിട്ടും ആത്മഹത്യയാക്കി മാറ്റാനാണ് പോലീസ് നേതൃത്വം തയ്യാറായത്. സാക്ഷികൾക്ക് സംരക്ഷണം നൽകേണ്ട

സർക്കാർ പ്രതികൾക്കുവേണ്ടി ഹാജരാകുന്ന അവസ്ഥ ദൗർഭാഗ്യകരമാണ്. പ്രസ്തുത കേസ് വളരെ ലാഘവത്തോടെയാണ് സർക്കാർ കൈകാര്യം ചെയ്തത്. മരണപ്പെട്ട പെൺകുട്ടികളുടെ കുടുംബത്തിന് നീതി ലഭ്യമാക്കുന്നതിലും പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. രാഷ്ട്രീയ ഇടപെടലുകൾ ശക്തമായ ഈ കേസ് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കണം. അതീവ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ കേസിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടില്ല എന്നത് ദൗർഭാഗ്യകരമാണ്. പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും പുനരന്വേഷണമാണോ സി.ബിഐ. അന്വേഷണമാണോ അനിവാര്യം എന്നത് സംബന്ധിച്ചും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മുഖ്യമന്ത്രിയുടെ മറുപടി നിരാശാജനകമാണ്. നിരാലംബരായ കുടുംബത്തെ സംരക്ഷിക്കുന്നതിനുപകരം പീഡിപ്പിച്ചവരെ സംരക്ഷിക്കുന്ന സർക്കാർ നിലപാട് അപമാനകരമാണ്. കേരള സമൂഹത്തെ ഞെട്ടിപ്പിച്ച നിഷ്ഠൂരമായ സംഭവമാണ് വാളയാറിൽ നടന്നത്. തുടക്കം

മുതലേ കേസ് അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് നടന്നിരുന്നത്. സാക്ഷികൾ സ്വാധീനിക്കപ്പെടുകയും പ്രതികൾ സംരക്ഷിക്കപ്പെടുകയും നിയമപാലകർ നിയമലംഘകരായി മാറുകയും ചെയ്യുന്നതുമൂലം പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളിൽ നീതി ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. പ്രസ്തുത കേസിൽ സി.ബി.ഐ. അന്വേഷണം പ്രഖ്യാപിക്കാൻ മുഖ്യമന്ത്രി തയ്യാറാകണം.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

**V ശ്രദ്ധ ക്ഷണിക്കൽ**

ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം

ശ്രീ. എസ്. ശർമ്മ: ലാഭത്തിൽ പ്രവർത്തിക്കുന്ന ബി.പി.സി.എൽ. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് അവയെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ബി.പി.സി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയുടെ ഭൂമി

വിൽക്കുന്നതിന് സംസ്ഥാനത്തോട് അനുമതി തേടാത്തത് പ്രതിഷേധാർഹമാണ്. കോർപ്പറേറ്റുകൾക്ക് തുച്ഛമായ വിലയ്ക്ക് പൊതുമുതൽ നൽകുന്ന സമീപനത്തിൽനിന്ന് കേന്ദ്രത്തെ പിന്തിരിപ്പിക്കുന്നതിന് ശക്തമായ ഇടപെടലുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ.-നെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം പ്രതിഷേധാർഹമാണ്. ബി.പി.സി.എൽ.-നെ സ്വകാര്യവൽക്കരിക്കുന്നതിലൂടെ കൊച്ചിൻ റിഫൈനറിയുടെ സമീപത്ത് പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കാനെടുത്ത സംസ്ഥാന സർക്കാർ തീരുമാനം അനിശ്ചിതത്വത്തിലാകും. സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യം കണക്കിലെടുത്ത് ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണത്തിൽനിന്നും പിന്മാറണമെന്ന് കാണിച്ച് പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

സബ്മിഷനുകൾക്കുള്ള മറുപടി മേശപ്പുറത്തുവച്ചു.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

## VII നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2) 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

സാമൂഹ്യസേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാവിലെ 11.13-ന് പിരിഞ്ഞു.

******